# ക്രിസ്ത്യൻ ലൈവ് DAILY

ON THE BATTLEFIELD FOR THE GREAT COMMISSION

16 MARCH 2024 | VOL 03 | ISSUE 075 | 774







# കേരളത്തിൽ നിന്ന് എൻ.ഡി.എ.യ്ക്ക് രണ്ടക്ക സീറ്റുകൾ ലഭിക്കും: മോദി

## സംസ്ഥാനത്ത് ക്രിസ്ത്യൻ പുരോഹിതൻമാർ പോലും മർദ്ദനത്തിന് ഇരയാകുന്നതായി പ്രധാനമന്ത്രി പറഞ്ഞു

**പത്തനംതിട്ട:** സംസ്ഥാനത്ത് ക്രിസ്ത്യൻ പുരോഹിതൻമാർ പോലും മർദ്ദനത്തിന് ഇരയാകുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. പത്തനംതിട്ടയിൽ അനിൽ ആന്റണിയുടെ പ്രചരണ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

വനിതകളും യുവാക്കളും ഉൾപ്പെടെ എല്ലാവരും കേരളത്തിൽ ഭയപ്പെട്ടാണ് ജീവിക്കുന്നത്. സർക്കാർ ആലസ്യത്തിൽ ഉറങ്ങുകയാണ്. ഇതിന് മാറ്റം അനിവാര്യമാണ്. ഇതുവരെ ഇവിടെ മാറി മാറി ഭരിച്ചത് അഴിമതി നിറഞ്ഞ സർക്കാരുകളാണ് . അതു മൂലം ജനത്തിനുണ്ടായ നഷ്ടം വലുതാണ്. എൽഡിഎഫ് യുഡിഎഫ് എന്നത് മാറിയാൽ മാത്രമേ കേരളത്തിന് രക്ഷ ഉണ്ടാകുകയുള്ളവെന്നും മോദി പറഞ്ഞു.

വരുന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ കേരളത്തിൽ ബിജെപി നേട്ടമുണ്ടാക്കും. ഈ തെരഞ്ഞെടുപ്പിൽ കേരളത്തിൽ താമര വിരിയും. രണ്ടക്ക സീറ്റുകളും കേരളത്തിൽ നിന്ന് എൻഡിഎയ്ക്ക് ലഭിക്കുമെന്നും മോദി അവകാശപ്പെട്ടു.

ഇത്തവണ നാന്നൂറിലധികം സീറ്റുകൾ നേടി എൻഡിഎ അധികാരത്തിലെത്തും. യുവത്വത്തിന്റെ പ്രതീകമാണ് അനിൽ അന്റണി. കേരളത്തിന്റെ നവീകരണത്തിന് അനിൽ ആന്റണിയുടെ വിജയം അനിവാര്യമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## തെരെഞ്ഞെടുപ്പ് തരംഗം

# ബിഷപ്പ്സ് ഹൗസ് സന്ദർശിച്ച് കോൺഗ്രസ് നേതാക്കൾ

കണ്ണൂർ: കോൺഗ്രസ് നേതാക്കൾ ചൊവ്വാഴ്ച കണ്ണൂർ ബിഷപ്പ്സ് ഹൗസ് സന്ദർശിച്ചു.

മുതിർന്ന നേതാവ് ഡൊമിനിക്ക് പ്രസന്റേഷൻ, എം.എൽ.എ.മാരായ ടി.ജെ. വിനോദ്, എം. വിൻസെന്റ്, കെ.പി.സി.സി. ജനറൽ സെക്രട്ടറി എം.ജെ. ജോബ് തുടങ്ങിയവർ കണ്ണൂർ രൂപതാ ബിഷപ്പ് ഡോ. അലക്സ് വടക്കുംതല, വികാരി ജനറാൾ മോൺ. ക്ലാരൻസ് പാലിയത്ത് എന്നിവരുമായി കൂടിക്കാഴ്ച നടത്തി.

ബിഷപ്പ്സ് ഹൗസിലെത്തിയ കോൺഗ്രസ് നേതാക്കളെ രൂപതാ പ്രൊക്യുറേറ്റർ ഫാ. ജോർജ് പൈനാടത്ത്, കെ.എൽ.സി.എ. സംസ്ഥാന ഖജാൻജി രതീഷ് ആന്റണി, മുൻ സംസ്ഥാന പ്രസിഡന്റ് ആന്റണി നൊറോണ, രൂപതാ പ്രസിഡന്റ് ഗോഡ്സൺ ഡിക്രൂസ്, ഫാ. ആഷ്!ലി കളത്തിൽ എന്നിവർ ചേർന്ന് സ്വീകരിച്ചു.

**CARTOON:**





For CNL7 Contact : +91 98465 52220
For News : +91 99617 54528 / +91 85908 87173 cnl7news@gmail.com

EDITORIAL BOARD
പത്രാധിപസമിതി

**ചീഫ് എഡിറ്റർ**
ബ്ലസിൻ ജോൺ മലയിൽ

**മാനേജിംഗ് എഡിറ്റർ**
അജി കെ ജോർജ്ജ്

**പബ്ലിഷർ**
നെൽസൺ ജോർജ്ജ്

**എഡിറ്റർമാർ**
പാ. ഷിബു തോമസ്,
ഒക്‌ലഹോമ
പാ. ലിജോ കെ ജോസഫ്
പാ. ടൈറ്റസ് ജോൺസൻ
പാ. സജോ തോണിക്കുഴിയിൽ
ജോജി ഐപ്പ് മാത്യൂസ്

## വാഗ്ദത്ത വചനം

**മാർച്ച് 16**

'ഞാൻ വിളിച്ചപേക്ഷിച്ച നാളിൽ അവിടുന്ന് എനിക്ക് ഉത്തരമരുളി; അവിടുന്ന് എന്റെ ആത്മാവിൽ ധൈര്യം പകർന്ന് എന്നെ ശക്തിപ്പെടുത്തി'. (സങ്കീ 138 : 5 )

ക്രിസ്ത്യൻ ലൈവ് DAILY
പരസ്യ നിരക്ക്

| | |
|---|---|
| **FULL PAGE** | |
| Front Page | Rs.5000/- |
| Back Page | Rs.4000/- |
| Inside Page | Rs.3000/- |
| **HALF PAGE** | |
| Front Page | Rs.2500/- |
| Back Page | Rs.2000/- |
| Inside Page | Rs.1500/- |
| **QUARTER PAGE** | |
| Front Page | Rs.1250/- |
| Back Page | Rs.1000/- |
| Inside Page | Rs.750/- |
| **HALF OF QUARTER PAGE** | |
| Front Page | Rs.750/- |
| Back Page | Rs.250/- |
| Inside Page | Rs.500/- |

ഒരേ സമയത്ത് ഒന്നിലേറെ ദിവസങ്ങളിൽ പരസ്യങ്ങൾ നൽകുന്നവർക്ക് പ്രത്യേക ഇളവുകൾ ഉണ്ടായിരിക്കും

എഡിറ്റോറിയൽ

# പുതിയ പാട്ടോ പഴയ പാട്ടോ? ദൈവത്തിനിഷ്ടമുള്ള പാട്ട്



ബ്ലസ്സൻ ചെറിയാൻ
കാനഡ

**ദൈവം എങ്ങനെയുള്ള ആരാധനയാണ് സ്വീകരിക്കുന്നത്?**

ഒരിക്കൽ ഒരു ദൈവദൂതൻ ഒരു മനുഷ്യനുമായി ആരാധനാ സമയം ഒരാലയത്തിൽ ചെന്നു. ആ ആലയം മുഴുവനും വിശ്വാസികളെ കൊണ്ട് തിങ്ങി നിറഞ്ഞിരുന്നു. ഓർഗൻ വായിക്കുന്ന ആളുടെ കൈകൾ ചലിക്കുന്നുണ്ട്. എന്നാൽ ശബ്ദമൊന്നും വെളിയിൽ വരുന്നില്ല. പ്രൗഢഗംഭീരമായ കൊയർ പാട്ടുകൾ പാടുവാൻ എഴുന്നേറ്റു. അവർ നല്ല രീതിയിൽ പാടുന്നു എങ്കിലും ശബ്ദമൊന്നും വെളിയിൽ വരുന്നില്ല. ശുശ്രൂഷകൻ വചനം തുറന്ന് ഒരു മണിക്കൂർ പ്രസംഗിച്ചു പക്ഷെ ചുണ്ടുകൾ ചലിക്കുന്നതല്ലാതെ ശബ്ദമൊന്നും കേൾക്കുന്നില്ല. പ്രാർത്ഥിക്കുവാൻ ഒരാൾ എഴുന്നേറ്റു. അദ്ദേഹത്തിന്റെ കൂടെ എല്ലാവരും എഴുന്നേറ്റു പ്രാർത്ഥിക്കുവാൻ തുടങ്ങി എന്നാൽ ശബ്ദമൊന്നും പുറത്തു വന്നില്ല. യൗവനക്കാരനായ ഒരാൾ അതിനുശേഷം മൈക്കെടുത്തു നല്ല ഉണർവുള്ള പാട്ടുപാടി സകലരെയും ഇളക്കിമറിച്ചു. എന്നാൽ ശബ്ദമൊന്നും വെളിയിൽ വന്നില്ല. ദൂതന്റെ കൂടെ നടക്കുന്ന വ്യക്തി ഒന്നും കേട്ടില്ല. ഇത് തികച്ചും വിചിത്രമായ ഒരു കാര്യമാണ്. ഇത്രയും സമയം പ്ലാൻ ചെയ്തു നടത്തിയ ഒരു ആരാധനയുടെ ഒരു ശബ്ദവും വെളിയിൽ വരാത്തതെന്താണ്?

**എന്താണിതിന്റെ അർത്ഥം?**

ദൂതൻ പറഞ്ഞു: നീ ഒന്നും കേൾക്കുന്നില്ല, അതിന്റെ കാരണം കേൾക്കുവാൻ ഇതിലൊന്നുമില്ല. ദൈവം ഈ ആരാധനയെ കാണുന്നപോലെയാണ് നീ ഇപ്പോൾ കാണുന്നതും കേൾക്കുന്നതും. അവരുടെ ഹൃദയം അവരുടെ പാട്ടിലും, പ്രസംഗത്തിലും, പ്രാർത്ഥനയിലും അവർ ഇടുന്നില്ല. അധരജല്പനങ്ങൾ ദൈവം കേൾക്കുന്നില്ല. ദൈവം തൂക്കിനോക്കുന്നത് ഹൃദയങ്ങളെയാണ്. ഹൃദയമില്ലാത്ത ആരാധനയും സേവനവും ദൈവസന്നിധിയിൽ എത്തുകയില്ല. ദൈവം വരുന്നത് നമ്മുടെ നാവിൽനിന്നും വരുന്നത് കേൾക്കുവാനല്ല. ദൈവം വരുന്നത് നമ്മുടെ ഹൃദയം ശോധനചെയ്തു നമ്മെ സ്പർശിക്കുവാനാണ്. ദൈവദൂതൻ ഇത് പറഞ്ഞുകൊണ്ടിരിക്കുമ്പോൾ അങ്ങ് പുറകിൽ നിന്നും ഒരു കുഞ്ഞു കുട്ടിയുടെ ശബ്ദം കേൾക്കുവാൻ തുടങ്ങി. ''സ്വർഗ്ഗസ്ഥനായ പിതാവേ, അങ്ങെന്റെ പ്രശ്!നങ്ങൾ എല്ലാം അറിയുന്നല്ലോ. എന്റെ വേദന അങ്ങറിയുന്നുവല്ലോ...''
അവ്യക്തമായ വാക്കുകൾ ആ കുഞ്ഞിന്റെ നാവിൽ നിന്നും വെളിയിൽ വരുന്നു. അവളുടെ വേദനകളും, നൊമ്പരങ്ങളും എല്ലാം അവൾ ദൈവസന്നിധിയിൽ പകർന്നു കൊണ്ടിരിക്കുകയാണ്.
ദൂതൻ പറഞ്ഞു: ആ കുഞ്ഞ് അവളുടെ വാക്കുകൾ മാത്രമല്ല ആ പ്രാർത്ഥനയിൽ നൽകുന്നത്, അവളുടെ ഹൃദയവും ആത്മാവും അവൾ ആ ആരാധനയിൽ നൽകുന്നുണ്ട്. ഇന്നിവിടെ നടന്ന ആരാധനയിൽ ആകെക്കൂടെ ദൈവസന്നിധിയിൽ എത്തിയത് ആ കുട്ടിയുടെ ഹൃദയപൂർവ്വമായ പ്രാർത്ഥന മാത്രമാണ്. ദൈവം ഇങ്ങനെയാണ് ഭൂമിയിലെ ആരാധനയെ കാണുന്നത്. നാം ചിന്തിച്ചേക്കാം, നമ്മെക്കാളും ഈണവും, ശക്തിയും, കഴിവുമൊക്കെയുള്ളവർ ദൈവസന്നിധിയിൽ നമുക്ക് മുൻപിലാണെന്ന്. അവരൊക്കെ പാടുമ്പോൾ നമ്മുടെ പാട്ടെവിടെയാണ്?

**അവർ നല്ല വാക്കുകളിൽ പ്രാർത്ഥിക്കുമ്പോൾ നമ്മുടെ പ്രാർത്ഥന എവിടെയാണ്?**

ദൈവം ഒരിക്കലും ഹൃദയപൂർവം ആരാധിക്കുന്ന ഒരു പൈതലിനെ തള്ളിക്കളയുകയില്ല. ഹൃദയത്തിൽ നിന്നും പുറപ്പെടുന്ന പ്രാർത്ഥന പതിക്കുന്നത് ദൈവത്തിന്റെ ഹൃദയത്തിലാണ്.
പുതിയ പാട്ടും പഴയ പാട്ടും അല്ല ഹൃദയത്തിന്റെ പാട്ടാണ് ആരാധനയാകുന്നത്. ബുദ്ധിയുടെ പ്രാർത്ഥനയും അറിവിന്റെ പ്രാർത്ഥനയുമല്ല ഹൃദയത്തിന്റെ പ്രാർത്ഥനയാണ് ദൈവം കേൾക്കുന്നത്. മാനുഷീക ആംഗ്യങ്ങളിലും ചലനങ്ങളിലും അഭിനയ ആരാധനയിലും ദൈവം പ്രസാദിക്കുന്നില്ല. അഹങ്കാരവും നിഗളവും നിറഞ്ഞുനിൽക്കുന്ന പരീശപ്രാർത്ഥനയിൽ ദൈവം പ്രസാദിക്കുന്നില്ല. സ്വയം ന്യായീകരിച്ചുകൊണ്ടുള്ള ആരാധനയും പ്രാർത്ഥനയും ദൈവം സ്വീകരിക്കുന്നില്ല. ദൈവം ഇറങ്ങിവരുന്ന ആരാധന ഹൃദയത്തിൽ നിന്നും ആത്മാവിൽ നിന്നുമുള്ള ആരാധനയിലാണ്.

## യൂറോപ്പിലെ വിവിധ രാജ്യങ്ങൾക്കായും നമുക്ക് പ്രാർത്ഥിക്കാം

ഇന്ന് പ്രാർത്ഥിക്കേണ്ട രാജ്യം:

### ബെലാറസ്

| | | |
|---|---|---|
| തലസ്ഥാനം | : | മിൻസ്ക് |
| ഭാഷ | : | റഷ്യൻ, ബെലാറഷ്യൻ |
| ജനസംഖ്യ | : | 9,455,037 |
| പ്രസിഡണ്ട് | : | അലക്സാണ്ടർ ലുകാഷെങ്കോ |
| മതം | : | ക്രിസ്ത്യൻ |

ഭരണാധികാരികൾ ദൈവസഭയെ ഉപദ്രവിക്കുകയും പീഡിപ്പിക്കുകയും ചെയ്യുന്നു. ഇവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.

രാജ്യത്തിന്റെ സംസ്കാരത്തിനും സന്ദർഭത്തിനും അനുസരിച്ച് പ്രവർത്തിക്കാൻ സഭക്ക് കഴിയണം. ബൈബിൾ അടിസ്ഥാനമാക്കി ക്രിസ്തീയ സഭ മുന്നേറണം. പ്രാർത്ഥിക്കുക.


ഇവിടുത്തെ ഓർത്തഡോക്സ്, കത്തോലിക്കാ സഭകൾക്കുള്ളിൽ നവീകരണവും ഉണർവ്വും അത്യാവശ്യമാണ്. പ്രാർത്ഥിക്കുക.

## രാജ്യവ്യാപക ഉപവാസ പ്രാർത്ഥന

കോട്ടയം : തിരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ രാജ്യവ്യാപകമായി എല്ലാ ലോക്കൽ സഭകളിലും ഏപ്രിൽ 5, 6, 7 തീയതികളിൽ പ്രാർത്ഥിക്കുവാൻ ആഹ്വാനം. രാജ്യ തലസ്ഥാനമായ ഡൽഹിയിലെ വിവിധ സഭകളാണ് ഇത്തരമൊരു ആഹ്വാനവുമായി മുന്നോട്ട് വന്നിരിക്കുന്നത്. സഭാ സമുദായ വ്യത്യാസമില്ലാതെ എല്ലാ ക്രൈസ്തവ വിഭാഗങ്ങളിലും അവരവരുടെ സഭകളിൽ ഈ മൂന്ന് ദിവസങ്ങളിൽ ഉപവാസ പ്രാർത്ഥന നടത്താനാണ് ആഹ്വാനം. ഏപ്രിൽ ഒന്നുമുതൽ ഏഴുവരെ പ്രയർ വോക്ക് നടത്താനും നിർദേശിച്ചിട്ടുണ്ട്

ക്രിസ്ത്യൻ ലൈവ് DAILY
ON THE BATTLEFIELD FOR THE GREAT COMMISSION
03
16 MARCH 2024
VOL 03 | ISSUE 075 | 774

# മതപരിവർത്തന വിരുദ്ധ നിയമപ്രകാരം അറസ്റ്റു ചെയ്യപ്പെട്ട കത്തോലിക്കാ പുരോഹിതൻ ഉൾപ്പെടെ 11 ക്രിസ്ത്യാനികൾക്ക് ജാമ്യം ലഭിച്ചു



ലക്നൗ : മതപരിവർത്തന വിരുദ്ധ നിയമപ്രകാരം അറസ്റ്റു ചെയ്യപ്പെട്ട ലഖ്നൗ രൂപതയിലെ കത്തോലിക്കാ പുരോഹിതൻ ഫാദർ ഡൊമിനിക് പിന്റോ ഉൾപ്പെടെ 11 ക്രിസ്ത്യാനികൾക്ക് ജാമ്യം ലഭിച്ചു. മാർച്ച് 12 ന് വടക്കൻ ഉത്തർപ്രദേശിലെ ബരാബങ്കി ജില്ലാ കോടതി ജാമ്യം അനുവദിക്കുകയായിരുന്നു. ''ഫാദർ പിന്റോയ്ക്കും അദ്ദേഹത്തോടൊപ്പം അറസ്റ്റിലായ എല്ലാവർക്കും ജില്ലാ ജഡ്ജി ജാമ്യം അനുവദിച്ചു,'' ലഖ്നൗവിലെ ബിഷപ്പ് ജെറാൾഡ് ജോൺ മത്യാസ് പറഞ്ഞു. 2021 ലെ ഉത്തർപ്രദേശിലെ നിയമവിരുദ്ധമായ മതപരിവർത്തന നിരോധന നിയമം ലംഘിച്ചതിനാണ് ഇവരെ ജയിലിലടച്ചത്.

ഒരു സാധാരണ പ്രാർത്ഥനാ ശുശ്രൂഷയെ കൂട്ട മതപരിവർത്തന പ്രവർത്തനമായി ചിത്രീകരിച്ചുള്ള പരാതിയെ തുടർന്ന് ഫെബ്രുവരി 5 ന് പുരോഹിതനെയും മറ്റുള്ളവരെയും പോലീസ് അറസ്റ്റ് ചെയ്യുകയായിരുന്നു. ഇത് തികച്ചും കെട്ടിച്ചമച്ച കേസായിരുന്നുവെന്ന് രൂപതാ ചാൻസലറും വക്താവുമായ ഫാദർ ഡൊണാൾഡ് ഡിസൂസ പറഞ്ഞു. ജാമ്യാപേക്ഷ പരിഗണിക്കുമ്പോൾ കോടതി വെച്ച ഉപാധികൾ ചാൻസലർ വെളിപ്പെടുത്തിയില്ല. ഒരു പ്രൊട്ടസ്റ്റന്റ് സംഘം സെന്റർ വാടകയ്ക്ക് എടുത്ത് അവിടെ പ്രാർത്ഥനാ ശുശ്രൂഷ നടത്തിയതിനെ തുടർന്നാണ് രൂപത പാസ്റ്ററൽ സെന്റർ ഡയറക്ടർ പിന്റോയെ അറസ്റ്റ് ചെയ്തത്. ബ്രിജേഷ് കുമാർ വൈശ്യ എന്ന ആക്ടിവിസ്റ്റാണ് ബരാബങ്കി ജില്ലയിലെ ദേവ പോലീസ് സ്റ്റേഷനിൽ പ്രാർത്ഥനാ ശുശ്രൂഷ സംഘടിപ്പിച്ചതിന് കേസ് ഫയൽ ചെയ്തത്.

# റ്റി.പി.എം ബെംഗളൂരു വാർഷിക സെന്റർ കൺവൻഷൻ മാർച്ച് 21 മുതൽ

ബംഗളൂരു : ദി പെന്തെക്കൊസ്ത് മിഷൻ സഭയുടെ കർണാടകയിലെ ഏറ്റവും വലിയ ആത്മീയസംഗമമായ ബെംഗളൂരു സെന്റർ കൺവൻഷൻ മാർച്ച് 21 വ്യാഴം മുതൽ 24 ഞായർ വരെ ഹെന്നൂർ ബാഗലൂർ റോഡിൽ ഗധലഹള്ളി സെന്റ് മൈക്കിൾസ് സ്കൂളിന് സമീപമുള്ള റ്റി.പി.എം കൺവൻഷൻ സെന്ററിൽ നടക്കും. കൺവൻഷന് മുന്നോടിയായി സുവിശേഷ വിളംബര റാലിയിൽ ശുഭ്രവസ്ത്രധാരികളായ ആയിരക്കണക്കിന് വിശ്വാസികളും ശുശ്രൂഷകരും പങ്കെടുക്കും.വ്യാഴം, വെള്ളി, ശനി ദിവസങ്ങളിൽ വൈകിട്ട് 6 ന് സുവിശേഷ പ്രസംഗം, വെള്ളി, ശനി ദിവസങ്ങളിൽ രാവിലെ 7 ന് വേദപാഠം, 9.30 ന് പൊതുയോഗം, വൈകിട്ട് 3 നും രാത്രി 10 നും കാത്തിരിപ്പ് യോഗവും യുവജന മീറ്റിംഗും നടക്കും. വിശ്വാസികളും ശുശ്രൂഷകരും ഉൾപ്പെട്ട വോളന്റയേഴ്സ് കൺവൻഷനു വേണ്ട ക്രമീകരണങ്ങൾ ഒരുക്കും. രാജ്യത്തിന്റെ പല ഭാഗങ്ങളിൽ നിന്നുമുള്ള ശുശ്രൂഷകരും വിശ്വാസികളും കൺവൻഷനിൽ പങ്കെടുക്കും. ഞായറാഴ്ച രാവിലെ 9 ന് കർണാടകയിൽ ഗോകുല, ഫ്രാസർ ടൗൺ, യെലഹങ്ക, ബെല്ലാരി, തുംകൂർ, ചിക്കമംഗളൂർ, ഹൂബ്ലി, മൈസൂർ, ഉഡുപ്പി, ഇച്ചിലംപാടി, മംഗളൂരു, ഗോവയിലെ പഞ്ചിം, വെർനാ, ആന്ധ്രാപ്രദേശിലെ ഗുന്റകൽ തമിഴ്നാട്ടിലെ ഹൊസൂർ തുടങ്ങിയ ബെംഗളൂരു സെന്ററിലെ 46 പ്രാദേശിക സഭകളുടെ ശുശ്രൂഷകരും വിശ്വാസികളും പങ്കെടുക്കുന്ന സംയുക്ത വിശുദ്ധ സഭായോഗത്തോടെ കൺവൻഷൻ സമാപിക്കും.

# റ്റി.പി.എം സഭയുടെ പ്രാർത്ഥന വാരം മാർച്ച് 25 മുതൽ

ബെംഗളൂരു : മുഴു ലോകത്തിലും ഉള്ള ദി പെന്തെക്കൊസ്ത് മിഷൻ സഭകളിൽ ഈസ്റ്റർ വാരം മാർച്ച് 25 തിങ്കൾ മുതൽ 30 ശനി വരെ ലോകസമാധാനത്തിനും സഭയുടെ ആത്മീയ ഉണർവിനും രാജ്യത്തിന്റെ ഐക്യത്തിനും മതനിരപേക്ഷ മൂല്യങ്ങൾക്കും വേണ്ടി ശുശ്രൂഷകരും ദൈവജനങ്ങളും ഉപവാസത്തോടും പ്രാർത്ഥനയോടും ദൈവസന്നിധിയിൽ ആയിരിക്കണമെന്ന് ചീഫ് പാസ്റ്റർ ഏബ്രഹാം മാത്യു. കേരളത്തിലെ 12 സെന്ററുകൾ ഉൾപ്പടെ ഇന്ത്യയിലെ 43 സെന്ററുകളിലും ലോകത്തിലെ 65 ൽ പരം രാജ്യങ്ങളിലുമുള്ള സഭയുടെ ശുശ്രൂഷകരും വിശ്വാസികളും ഉപവാസത്തോടും പ്രാർത്ഥനയോടും യോഗങ്ങളിൽ പങ്കെടുക്കും. മാർച്ച് 25 മുതൽ 30 വരെ രാവിലെ 9.30 മുതൽ 12.30 വരെയും വൈകിട്ട് 6.30 മുതൽ 8.30 വരെയുമാണ് യോഗങ്ങൾ.

# ഐ.പി.സി. ബാലരാമപുരം ഏര്യായ്ക്ക് പുതിയ ഭരണസമിതി

ബാലരാമപുരം : ഐ പി സി ബാലരാമപുരം മിഷൻ ഏര്യായ്ക്ക് 2024 വർഷത്തേക്കുള്ള പുതിയ ഭരണ സമിതിയെ തെരെഞ്ഞെടുത്തു. ഏര്യാ പ്രസിഡന്റ് പാസ്റ്റർ ശോഭനദാസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ ഏര്യാ ജനറൽ ബോഡിയിൽ ആണ് പുതിയ നേതൃത്വത്തെ തെരെഞ്ഞെടുത്തത്. പാസ്റ്റർ ശോഭനദാസ് വീണ്ടും പ്രസിഡന്റായി തെരെഞ്ഞെടുക്കപ്പെട്ടു. പാസ്റ്റർ വർഗീസ് ജെ. വൈസ് പ്രസിഡന്റ്. പാസ്റ്റർ അംബേദ്കർ സെക്രട്ടറി, സുവിശേഷകൻ ശാമുവേൽ ജോയിന്റ് സെക്രട്ടറി, സുവിശേഷകൻ സന്തോഷ് ട്രഷാറാർ .സുവി. ജോയ് പബ്ളിസിറ്റി കൺവിനർ . പാസ്റ്റർ സാം ജോൺ കമ്മിറ്റി അംഗം എന്നിവരാണ് പുതിയ ഭാരവാഹികൾ

# ഐ.പി.സി. സണ്ടേസ്കൂൾസ് അസോസിയേഷൻ അംഗീകരിച്ച സണ്ടേസ്കൂളുകളിൽ പവർ വിബിഎസ് ഒഴികെ മറ്റു വി.ബി.എസ്. സിലബസുകൾ നിരോധിച്ച് ഓർഡർ ഇറങ്ങി

കുമ്പനാട് : ഐപിസി സണ്ടേസ്കൂൾസ് അസോസിയേഷൻ അംഗീകരിച്ച പവർ വി ബി എസ് അല്ലാത്ത വി ബി എസ് നടത്തുന്ന രജിസ്ട്രേഡ് സണ്ടേസ്കൂളിലെ വിദ്യാർത്ഥികൾക്ക് വാർഷിക പരീക്ഷയിലും, താലന്ത് പരിശോധനയിലും പങ്കെടുക്കുവാൻ സാധിക്കില്ല. മാർച്ച് 13 ന് കുമ്പനാട് കൂടിയ എസ് എസ് എ സംസ്ഥാന സമിതിയുടെയും മേഖല പ്രസിഡണ്ടന്മാരുടെയും സംയുക്ത കമ്മിറ്റിയാണ് ഈ തീരുമാനം എടുത്തത്. മുൻവർഷങ്ങളിൽ ഐ പി സി പവർ വി ബി എസ്സ് പ്രവർത്തിച്ചിരുന്നെങ്കിലും പല സണ്ടേസ്കൂളുകളിലും മറ്റ് ഇതര വി ബി എസ്സുകൾ നടത്തിയിരുന്നു. എന്നാൽ ഈ വർഷം അങ്ങനെ ഉള്ള വി ബി എസ്സുകൾക്ക് നിരോധനം ഏപ്പെടുത്തിരിക്കുന്നു. വിരുദ്ധമായി പ്രവർത്തിക്കുന്ന സണ്ടേസ്കൂളുകളുടെ സ്ഥിതിവിവര ഫോം പൂരിപ്പിച്ച് വാങ്ങരുത് എന്ന് സെന്റർ ഭാരവാഹികളെ സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ തോമസ് മാത്യു ചാരുവേലി അറിയിച്ചിരിക്കുന്നു. ഭൂരിപക്ഷം സണ്ടേസ്കൂളുകളും ഈ തീരുമാനത്തെ അംഗീകരിക്കുന്നു എന്ന് അറിയുന്നു.

ക്രിസ്ത്യൻ ലൈവ് DAILY
ON THE BATTLEFIELD FOR THE GREAT COMMISSION
04
16 MARCH 2024
VOL 03 | ISSUE 075 | 774

# ദക്ഷിണാഫ്രിക്കയിൽ മൂന്നു കോപ്റ്റിക് സന്യാസികൾ കൊല്ലപ്പെട്ടു





പ്രിട്ടോറിയ: ഈജിപത് ആസ്ഥാനമായ കോപ്റ്റിക് ഓർത്തഡോക്സ് സഭയിലെ അംഗങ്ങളായ മൂന്നു സന്യാസികൾ ദക്ഷിണാഫ്രിക്കയിൽ കൊല്ലപ്പെട്ടു. പ്രിട്ടോറിയയിൽ നിന്ന് 30 കിലോമീറ്റർ അകലെ കള്ളിനൻ എന്ന ചെറുപട്ടണത്തിലുള്ള സെന്റ് മാർക്ക് ആൻഡ് സെന്റ് സാമുവൽ ദ കൺഫസർ മഠത്തിൽ ഇന്നലെ രാവിലെ കുത്തേറ്റു മരിച്ച നിലയിലാണു കണ്ടെത്തിയത്. ഫാ. താൽകാ മൂസ, ഫാ. മിനാ അവാ മാർക്കസ്, ഫാ. യൂസ്റ്റോസ് അവാ മാർക്കസ് എന്നിവരാണ് കൊല്ലപ്പെട്ടത്. സംഭവത്തിൽ പ്രതിയെന്ന് സംശയിക്കുന്നയാളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. പ്രതി 35 വയസ്സുകാരനാണ്. ഇയാളുടെ പേരോ മറ്റ് വിവരങ്ങളോ പോലീസ് പുറത്തുവിട്ടിട്ടില്ല. ഈജിപ്ഷ്യൻ സ്വദേശിയാണെന്നാണ് സൂചന.

## പ്രയർ വാരിയർസ് മീറ്റ്

പരുമല : നാഷണൽ പ്രയർ ബാൻഡിന്റെ നേതൃത്വതിൽ മാർച്ച് 16 ശനി രാവിലെ 8:45 മുതൽ രാത്രി 10:30 വരെ ഓൺലൈൻ പ്രാർത്ഥന കൂട്ടായ്മ നടത്തപ്പെടുന്നു. പരുമല പാ.ജോമോൻ കുരുവിള മുഖ്യ പ്രസംഗം നടത്തും. ഇവാ. ഷോബിൾ ജോയ് & ടീം ദുബായ് ഏവർക്കും സ്വാഗതം യുടെ നേതൃത്വതിൽ അനുഗ്രഹപ്രദമായ ആരാധനയും,ശക്തമായ ദൈവവചന ശുശ്രൂഷയും നടത്തപ്പെടുന്നു.

## പി.വൈ.പി.എ പാലക്കാട് മേഖല യൂത്ത് ക്യാമ്പ് സീസൺ-3

പാലക്കാട് : പി വൈ പി എ പാലക്കാട് മേഖലയുടെ ആഭിമുഖ്യത്തിൽ ‘അരോമ സീസൺ 3’ യുവജന ക്യാമ്പ് പാലക്കാട് ലീഡ് കോളേജ് ഓഫ് മാനേജ്മെന്റിൽ ഏപ്രിൽ 30 മുതൽ മെയ് 2 വരെ നടക്കും. ക്യാമ്പിന്റെ വിജയത്തിനായ് മേഖല പ്രസിഡന്റ്റ് പാസ്റ്റർ ജെയിംസ് വർഗീസ് സെക്രട്ടറി പാസ്റ്റർ റോജി മല്ലപ്പള്ളി എന്നിവരുടെ നേതൃത്വത്തിൽ വിപുലമായ കമ്മിറ്റി പ്രവർത്തിക്കുന്നു.

## താപനില ഉയരുന്നു; ജാഗ്രതാ നിർദ്ദേശവുമായി പോലീസ്

തിരുവല്ല : കേരളത്തിൽ ചൂട് കൂടുന്ന സാഹചര്യത്തിൽ ജാഗ്രത നിർദേശവുമായി കേരള പോലീസ് അറിയിച്ചു. 11 മണി മുതൽ വൈകുന്നേരം മൂന്നുമണി വരെ നേരിട്ട് സൂര്യാഘാതം ഏൽക്കാതിരിക്കുക, നിർജലീകരണമുണ്ടാക്കുന്ന മദ്യം, കാപ്പി, ചായ, കാർബണേറ്റഡ് ശീതള പാനീയങ്ങൾ എന്നിവ ഒഴിവാക്കുക തുടങ്ങിയ നിർദേശങ്ങളാണ് നൽകിയത്. ജോലികളിൽ ഏർപ്പെടുന്നവർ എന്നിവർ ജോലിസമയം ക്രമീകരിക്കുക. ജോലിക്കിടെ ആവശ്യമായ വിശ്രമം ഉറപ്പുവരുത്തുകയെന്നും പോലീസ് അറിയിച്ചു

## ഐ.പി.സി തിരുവനന്തപുരം സൗത്ത് സെന്റർ വാർഷിക കൺവെൻഷൻ

അരുവിക്കുഴി : ഐ.പി.സി തിരുവനന്തപുരം സൗത്ത് സെന്ററിന്റെ ആഭിമുഖ്യത്തിൽ വാർഷിക കൺവെൻഷൻ ഏപ്രിൽ 12 മുതൽ 14 വരെ ഐ.പി സിസിയോൺ അരുവിക്കുഴി സഭയ്ക്ക് സമീപം തയ്യാർ ചെയ്യുന്ന ഗ്രൗണ്ടിൽ നടക്കും ദിവസവും വൈകിട്ട് 6 മുതൽ 9 വരെ നടക്കുന്ന കൺവൻഷൻ സെന്റർ മിനിസ്റ്റർ പാസ്റ്റർ വൈ റോബർട്ട് ഉത്ഘാടനം നിർവഹിക്കും പാസ്റ്ററന്മാരായ അരവിന്ദ് മോഹൻ, റെജി മാത്യു ശാസ്താംകോട്ട, പി.സി ചെറിയാൻ എന്നിവർ ദൈവ വചനം പ്രസംഗിക്കും. ഗോസ്പൽ എക്കോ മ്യൂസിക്ക് ബാന്റ് തിരുവനന്തപുരം ഗാനശുശ്രൂഷ നടത്തും. 13 ശനിയാഴ്ച മൂന്നു മുതൽ ശുശ്രൂഷക സമ്മേളനവും, ഞായറാഴ്ച 2 മണി മുതൽ 5 മണി വരെ പുത്രികാ സംഘടനകളുടെ സംയുക്ത വാർഷിക യോഗവും ഞായർ രാവിലെ 10 മണി മുതൽ 17 സഭകളുടെ സംയുക്ത സഭായോഗവും കർത്തൃമേശയും ഉണ്ടായിരിക്കും. ഐ.പി.സി കേരള സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ കെ.സി. തോമസ് കർത്തൃമേശയും സമാപന സന്ദേശവും നൽകും. സെന്റർ എക്സിക്യൂട്ടീവ് കൺവൻഷന് നേതൃത്വം നൽകും.

## ശാരോൻ ഫെലോഷിപ്പ് മല്ലപ്പള്ളി സെന്റർ കൺവൻഷൻ

മല്ലപ്പള്ളി: ശാരോൻ ഫെലോഷിപ്പ് മല്ലപ്പള്ളി സെന്റർ കൺവൻഷൻ മാർച്ച് 28 മുതൽ 31 വരെ മല്ലപ്പള്ളി ഈസ്റ്റ് ഗ്രൗണ്ടിൽ നടക്കും. സെന്റർ സെക്രട്ടറി പാസ്റ്റർ ടി.എം വർഗീസ് ഉത്ഘാടനം നിർവഹിക്കും. പാസ്റ്റർ വി. ജെ തോമസ്കുട്ടി (മിനിസ്റ്റേഴ്സ് കൗൺസിൽ ജനറൽ സെക്രട്ടറി), പാസ്റ്റർ ജോൺ വി ജേക്കബ് (മല്ലപ്പള്ളി റീജിയൻ പാസ്റ്റർ), പാസ്റ്റർ ജോസഫ് കുര്യൻ (മല്ലപ്പള്ളി സെന്റർ മിനിസ്റ്റർ), പാസ്റ്റർ പോൾ ഗോപാലകൃഷ്ണൻ, പാസ്റ്റർ ജോയി പാറക്കൽ തുടങ്ങിയവർ പ്രസംഗിക്കും.

CEM സെന്റർ സെക്ഷൻ പ്രവർത്തന ഉത്ഘാടനവും സൺഡേ സ്കൂൾ CEM സംയുക്ത വാർഷികവും കൺവൻഷൻ ഗ്രൗണ്ടിൽ ശനിയാഴ്ച രാവിലെ 9.30 ന് ആരംഭിക്കും. പാസ്റ്റർ ഗോഡ്സൻ സി സണ്ണി അദ്ധ്യക്ഷത വഹിക്കും. സൺഡേ സ്കൂൾ ഡയറക്ടർ എബ്രഹാം മന്ദമരുതി മുഖ്യസന്ദേശം നൽകും. പാസ്റ്റേഴ്സ് മീറ്റിംഗ്, സഹോദരി സമാജം മീറ്റിംഗ് എന്നിവയും നടക്കും.

## ദോഹ ഐ.പി.സി.യിൽ ഉപവാസ പ്രാർത്ഥനയും ഉണർവ്വുയോഗങ്ങളും

ദോഹ: ദോഹ ഐപിസി സഭയുടെ നേതൃത്വത്തിൽ ഉപവാസ പ്രാർത്ഥനയും ഉണർവ്വുയോഗങ്ങളും മാർച്ച് 16 ശനിയാഴ്ച മുതൽ മാർച്ച് 29 വെള്ളിയാഴ്ച വരെ എല്ലാ ദിവസവും വൈകിട്ട് 5.30 ത് മുതൽ IDCC PC Complex Hall: 2 ൽ നടക്കും. കൃപാവരപ്രാപ്തരായ പാസ്റ്റർ സാം ജോസഫ് (കുമരകം), പാസ്റ്റർ സാം ജോർജ് എന്നിവർ ശുശ്രൂഷിക്കും.

## ഐ.പി.സി. നെന്മാറ സെന്റർ പാസ്റ്റേഴ്സ് ഫാമിലി മീറ്റിംഗ്

നെന്മാറ : ഐ.പി.സി നെന്മാറ സെന്ററിന്റെ ആഭിമുഖ്യത്തിൽ പാസ്റ്റേഴ്സ് ഫാമിലി മീറ്റിംഗ് 23ന് ശനിയാഴ്ച രാവിലെ 10.30 മുതൽ പേഴുംപാറ, നെന്മാറ ഐ.പി സി ശാലേം സഭയിൽ നടക്കും. ജനറൽ കൗൺസിൽ മെമ്പർ പാസ്റ്റർ ബേബി കടമ്പനാട് മുഖ്യ അതിഥിയായി പങ്കെടുക്കും.

## വിവാഹം മുടങ്ങുന്നു; പ്രതികാരം കുരിശു പള്ളിക്ക് നേരെ പ്രതി പിടിയിൽ

ഇടുക്കി: വിവിധ ക്രൈസ്തവ സഭകളുടെ കുരിശുപള്ളികൾ കല്ലെറിഞ്ഞു തകർത്ത സംഭവത്തിൽ പ്രതി അറസ്റ്റിലായി. പുളിയന്മല പിറ്റിആർ ചെറുകുന്നേൽ ജോബി (35)നാണ് പിടിയിലായത്. വിവാഹം നിരന്തരമായി മുടക്കുന്ന സഭാ അധികൃതരോടുള്ള വൈരാഗ്യമാണ് കുരിശുപള്ളികൾ തകർക്കാൻ കാരണം എന്നാണ് ഇയാൾ പൊലീസിന് നൽകിയ മൊഴി. കട്ടപ്പന, കമ്പംമേട്ട്, ചേറ്റുകുഴി തുടങ്ങിയ സ്ഥലങ്ങളിലുള്ള കുരിശുപള്ളികളിലാണ് അക്രമം നടത്തിയത്. പ്രതിയെ വീട്ടിൽ നിന്നാണ് കസ്റ്റഡിയിലെടുത്തത്. മാർച്ച് 12 ന് പുലർച്ചെയാണ് ജോബിൻ ഓർത്തഡോക്സ്, കത്തോലിക്കാ സഭകളുടെ കീഴിലെ എട്ടോളം കുരിശുപള്ളികളുടെ ചില്ലുകൾ തകർത്തത്. പുളിയന്മല അമലമനോഹരി കപ്പേളയുടെ ചില്ല് ബൈക്കിൽ എത്തി എറിഞ്ഞു തകർക്കുന്ന സി സി ടി വി ദൃശ്യംപൊലീസിന് ലഭിച്ചിരുന്നു. സിസിടിവി ദൃശ്യങ്ങളും പ്രതി ഉപയോഗിച്ചിരുന്ന ബൈക്കുമാണ് പിടികൂടാൻ സഹായകമായത്. കട്ടപ്പന ഡിവൈഎസ്പി പി വി ബേബിയുടെ നേതൃത്വത്തിലാണ് പ്രതിയെ അറസ്റ്റ് ചെയ്തത്.

ക്രിസ്ത്യൻ ലൈവ് DAILY
ON THE BATTLEFIELD FOR THE GREAT COMMISSION
05
16 MARCH 2024
VOL 03 | ISSUE 075 | 774

# റിക്ക് വാറൻ സ്പർജൻസ് കോളേജിന്റെ ആദ്യ ചാൻസലറായി നിയമിതനായി



ലണ്ടൻ : പർപ്പസ് ഡ്രൈവൺ ലൈഫ് രചയിതാവ് റിക്ക് വാറൻ ലണ്ടനിലെ സ്പർജൻസ് കോളേജിന്റെ ആദ്യത്തെ ചാൻസലറായി നിയമിക്കപ്പെട്ടു.
യുകെയിലെ പ്രമുഖ ബാപ്റ്റിസ്റ്റ് ദൈവശാസ്ത്ര സ്ഥാപനമാണ് ഈ കോളേജ്, 1856ൽ ബാപ്റ്റിസ്റ്റ് പ്രഭാഷകനായ ചാൾസ് ഹാഡൻ സ്പർജൻ സ്ഥാപിച്ചതാണ്. കാലിഫോർണിയയിൽ സാഡിൽബാക്ക് സ്ഥാപിച്ച ബാപ്റ്റിസ്റ്റ് മെഗാചർച്ചിന്റെ പാസ്റ്ററായി വാറൻ അടുത്തിടെ വിരമിച്ചു, എന്നാൽ മറ്റ് പ്രോജക്റ്റുകൾക്കിടയിൽ സുവിശേഷം പ്രചരിപ്പിക്കുന്നതിനായി ഫിനിഷിംഗ് ദ ടാസ്ക് കോലിഷൻ സ്ഥാപിച്ചുകൊണ്ട് സജീവമായി തുടരുന്നു.
സ്പർജൻസ് കോളേജുമായി അദ്ദേഹത്തിന് ശക്തമായ വ്യക്തിപരമായ ബന്ധമുണ്ട്, കാരണം അദ്ദേഹത്തിന്റെ വലിയ മുത്തച്ഛൻ അവിടെ പഠിച്ചു, വിശ്വാസത്തിലേക്ക് നയിക്കപ്പെട്ടു, ക്രിസ്ത്യൻ സേവനത്തിലേക്ക് നിയോഗിക്കപ്പെട്ടു, സ്പർജൻ തന്നെ പള്ളികൾ സ്ഥാപിക്കാൻ യുഎസിലേക്ക് അയച്ചു.

തന്റെ നിയമനത്തെക്കുറിച്ച് വാറൻ പറഞ്ഞു, 'സ്പർജൻസ് കോളേജിന്റെ വികസനത്തിലും ദൗത്യത്തിലും ഈ സുപ്രധാന സമയത്ത് അതിന്റെ ആദ്യത്തെ ചാൻസലറായി ഔദ്യോഗികമായി ചേർന്നതിൽ ഞാൻ സന്തോഷിക്കുന്നു. 'ചാൾസ് സ്പർജനുമായും അദ്ദേഹം സ്ഥാപിച്ച കോളേജിന്റെ മന്ത്രാലയവുമായും എനിക്ക് നാല് തലമുറകളായി ആഴത്തിലുള്ള വ്യക്തിപരമായ കുടുംബ ബന്ധമുണ്ട്, എന്റെ കുടുംബം അമേരിക്കയിലേക്ക് മാറുന്നതിന്റെ ഉത്തരവാദിത്തം അവനാണ്. 'കൂടാതെ, ശുശ്രൂഷാ നേതൃത്വത്തെക്കുറിച്ചുള്ള തിരുവെഴുത്തുകളിൽ നിന്നുള്ള സ്ഥാനാരോഹണത്തിന്റെയും ബോധ്യത്തിന്റെയും അർത്ഥത്തെക്കുറിച്ചുള്ള എന്റെ ധാരണ ചാൾസ് സ്പർജന്റെ പ്രസിദ്ധീകരിച്ച വീക്ഷണങ്ങൾക്ക് സമാനമാണ്. 'അത് സമൂഹത്തിന് തിരികെ നൽകാനുള്ള ഈ അവസരത്തിന് ഞാൻ ദൈവത്തോടും കോളേജിനോടും നന്ദിയുള്ളവനാണ്.'

2022ൽ പൂർണ്ണ ബിരുദം നൽകാനുള്ള അധികാരം ലഭിച്ചതിന് ശേഷം അദ്ദേഹത്തിന്റെ നിയമനം കോളേജിന്റെ മറ്റൊരു സുപ്രധാന നാഴികക്കല്ലാണ്. ചാൻസലർ എന്ന നിലയിലുള്ള തന്റെ റോളിൽ, സമകാലിക ലോകത്തിലെ ക്രിസ്ത്യൻ ദൗത്യം, ശുശ്രൂഷ, നേതൃത്വം എന്നിവയ്ക്കായി പുരുഷന്മാരെയും സ്ത്രീകളെയും പരിശീലിപ്പിക്കുന്നതിനും യുകെയിൽ ക്രിസ്ത്യാനിറ്റിയുടെ തുടർച്ചയായ തകർച്ചയുടെ വെളിച്ചത്തിൽ യേശുവിനെ അറിയുന്നതിനുമുള്ള കാഴ്ചപ്പാടിൽ വാറൻ കോളേജിനെ പിന്തുണയ്ക്കും.
സ്പർജൻസ് കോളേജ് വൈസ് ചാൻസലർ, റവ. പ്രൊഫ. ഫിലിപ്പ് മക്കോർമാക്ക്, വാറനെ സ്പർജൻസ് കോളേജ് കുടുംബത്തിലേക്ക് സ്വാഗതം ചെയ്യുന്നതിൽ താൻ 'തികച്ചും ആവേശഭരിതനാണെന്ന്' പറഞ്ഞു. ഡെപ്യൂട്ടി വൈസ് ചാൻസലർ റവ ഹെലൻ സ്റ്റോക്ക്‌ലി പറഞ്ഞു, 'യുഎസിലും ലോകമെമ്പാടുമുള്ള തന്റെ ദീർഘവും വിശിഷ്ടവുമായ ശുശ്രൂഷയിൽ, മഹാനായ ബാപ്റ്റിസ്റ്റ് പ്രഭാഷകനായ ചാൾസ് സ്പർജനുമായുള്ള ബന്ധത്തെക്കുറിച്ച് പാസ്റ്റർ വാറൻ പറഞ്ഞിട്ടുണ്ട്. 'ലണ്ടനിലുടനീളം കോളേജ് അതിന്റെ നാഗരിക ഇടപഴകൽ വിപുലീകരിക്കുകയും യുകെയിലുടനീളമുള്ള വിശ്വാസ സംഘടനകളെ പിന്തുണയ്ക്കുകയും ചെയ്യുന്നതിനാൽ അദ്ദേഹത്തിന്റെ അവിശ്വസനീയമായ പ്രവർത്തനവും അനുഭവവും സുപ്രധാനമാണ്.'

# ജനങ്ങളുടെ സുരക്ഷ സർക്കാരുകളുടെ ഉത്തരവാദിത്വം: കോട്ടയം അതിരൂപത വൈദികസമിതി



കോട്ടയം : മലയോര മേഖലയിൽ അധിവസിക്കുന്ന ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ലഭിക്കേണ്ടത് അവരുടെ അവകാശമാണ്. അവർക്ക് ആവശ്യമായ സംരക്ഷണം നൽകുകയെന്നത് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സുപ്രധാന ഉത്തരവാദിത്വവുമാണ്. ഇക്കാര്യത്തിൽ തുടർച്ചയായി അധികാരികൾക്ക്, പ്രത്യേകിച്ച് വനംവകുപ്പിന് അടുത്തകാലത്ത് സംഭവിച്ചുകൊണ്ടിരിക്കുന്ന വലിയ വീഴ്ചകൾ അത്യന്തം ദുഃഖകരമാണ്. നഷ്ടപരിഹാരമെന്നതുപോലെ പണം നൽകുന്നത് ഒരിക്കലും മനുഷ്യജീവൻ നഷ്ടമാകുന്നതിനു പരിഹാരമാകില്ല. മനുഷ്യജീവൻ നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാകുമ്പോൾ കുടുംബാംഗങ്ങളും പ്രദേശവാസികളും വൈകാരികമായി പ്രതിഷേധിക്കുന്നത് വന്യമൃഗങ്ങളുടെ ആക്രമണത്താൽ ജീവൻ നഷ്ടപ്പെടുന്നതിനെക്കാൾ ഗുരുതരമായി കാണുന്നത് ഒരിക്കലും അംഗീകരിക്കാനാവില്ല. പ്രശ്നപരിഹാരത്തിന് കേന്ദ്രസംസ്ഥാന സർക്കാരുകൾ അടിയന്തിര നടപടികൾ സ്വീകരിച്ചേ മതിയാകൂ.

# ഷാർജ വർഷിപ് സെന്ററിൽ എഡ്യുക്കേഷണൽ എക്സ്പൊ



ഷാർജ: യുഎഇയിലെ യുണൈറ്റഡ് പെന്തക്കോസ്ത് ഫെലോഷിപ്പിന്റ നേതൃത്വത്തിൽ മാർച്ച് 24 ശനിയാഴ്ച രാവിലെ ഒമ്പതിന് ഷാർജ വർഷിപ്പ് സെന്ററിൽ എഡ്യുക്കേഷൻ എക്സ്പോ നടക്കും. സ്കൂളുകൾ, കമ്മ്യൂണിറ്റികൾ, അസോസിയേഷനുകൾ, പ്രൊഫഷണൽ ബോഡികൾ, കോർപ്പറേറ്റുകൾ എന്നിവിടങ്ങളിൽ നിന്നും 2500ലധികം സന്ദർശകർ പങ്കെടുക്കും. വൊക്കേഷണൽ, യുജി, പിജി പ്രോഗ്രാമുകൾ, കരിയർ പ്ലാനിംഗ്, മൈഗ്രേഷൻ, പിആർ അവസരങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ പ്രഗത്ഭരായ കരിയർ കൗൺസിലർമാരെ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും കാണാനും സംസാരിക്കാനും അവസരം ഉണ്ടാകും.

**എജ്യുക്കേഷൻഎക്സ്പോ**
(യു.എ.ഇ യൂണിവേഴ്സിറ്റി സ്റ്റുഡന്റ് കൗൺസിലർക്കുള്ള അവസരം)

**കരിയർ ഗൈഡൻസ്,**
**സ്കോളർഷിപ്പ് പ്രോഗ്രാമുകൾ,**
**മികച്ച റാങ്കുള്ള സർവകലാശാലകൾ,**
**3000+ കോഴ്സുകൾ**
**ബുക്ക് എക്സ്ചേഞ്ച്**
(വിവിധ സ്കൂളുകളിലെ ഗ്രേഡ് 112, പകരം അടുത്ത ക്ലാസ്സിലെ പാഠപുസ്തകങ്ങൾ, ഗൈഡ് ലഭിക്കുന്നതിന് നിങ്ങളുടെ പഴയ പുസ്തകങ്ങൾ കൈമാറാം)

ഇവയൊക്കെ പ്രോഗ്രാമിന്റെ പ്രത്യേകതകളാണ്.

ക്രിസ്ത്യൻ ലൈവ് DAILY
ON THE BATTLEFIELD FOR THE GREAT COMMISSION

16 MARCH 2024
VOL 03 | ISSUE 075 | 774

# ക്രൈസ്തവ വിശ്വാസം സ്വീകരിക്കുന്നവരുടെ എണ്ണത്തിൽ വർദ്ധനവ് രേഖപ്പെടുത്തി മലേഷ്യ




കോലാലംപൂർ : ക്രൈസ്തവ സമൂഹത്തിന്റെ വളർച്ചയുടെ പാതയിൽ വർദ്ധനവ് രേഖപ്പെടുത്തി മലേഷ്യ. സഭയിൽ മാമ്മോദീസ സ്വീകരിക്കുവാൻ ആഗ്രഹിച്ചു കടന്നുവരുന്ന മുതിർന്നവരുടെ എണ്ണം സമീപവർഷങ്ങളിലേതിനേക്കാൾ വർധിച്ചതായി റിപ്പോർട്ട്. വിവിധ ഇടവകകളിൽ നിന്നുള്ള വർദ്ധിച്ചുവരുന്ന അഭ്യർഥനകൾ കണക്കിലെടുത്ത് രൂപതകൾ ഇവർക്കുള്ള പരിശീലന പരിപാടികൾ നടത്തുകയും, ഒരുക്കുകയും ചെയ്യുന്നു. കോലാലംപൂർ അതിരൂപതയിലെ ദൈവാലയത്തിൽ നടത്തിയ സമ്മേളനത്തിൽ ഏകദേശം 547 ഓളം ആളുകൾ പങ്കെടുത്തു. കോട്ട കിനാബാലു അതിരൂപതയിലും ഇപ്രകാരം സമ്മേളനം നടത്തപ്പെട്ടു. 941 പേർ അതിൽ പങ്കെടുത്തു. മലേഷ്യയിലെ 23 ദശലക്ഷം ജനസംഖ്യയിൽ 60.4% മുസ്ലീങ്ങളും 9.1% ക്രിസ്ത്യാനികളുമാണ്. തടസങ്ങളും, ബുദ്ധിമുട്ടുകളും ഏറെയുണ്ടെങ്കിലും മലേഷ്യൻ വിശ്വാസികൾ ക്രിസ്തുവിനെ അടിയുറച്ചു വിശ്വസിക്കുന്നു.

# ദക്ഷിണാഫ്രിക്കയിൽ വീണ്ടും വൈദിക കൊലപാതകം; വിശുദ്ധ കുർബാനയ്ക്കു തൊട്ടുമുൻപ് വൈദികനെ വെടിവെച്ച് കൊലപ്പെടുത്തി

സാനീൻ: ദക്ഷിണാഫ്രിക്കയിലെ സാനീൻ രൂപതയുടെ കീഴിലുള്ള ദേവാലയത്തിൽ വിശുദ്ധ കുർബാന അർപ്പണത്തിന് തൊട്ടുമുൻപ് കത്തോലിക്ക വെടിയേറ്റ് കൊല്ലപ്പെട്ടു. സെന്റ് പാട്രിക്സ് മിഷനറി സൊസൈറ്റി സമൂഹാംഗമായ ഫാ. വില്യം ബന്ദ എന്ന വൈദികൻ വിശുദ്ധ കുർബാന അർപ്പിക്കുവാൻ തയ്യാറെടുക്കുന്നതിനിടെയാണ് വെടിയേറ്റു മരിച്ചത്. മാർച്ച് 13 ബുധനാഴ്ച രാവിലെ സാനീൻ രൂപതയിലെ ഹോളി ട്രിനിറ്റി കത്തീഡ്രലിലായിരിന്നു ദാരുണ സംഭവം. പ്രഭാത ബലിയർപ്പണത്തിന് വിശ്വാസികൾ ദേവാലയത്തിലേക്ക് എത്തിക്കൊണ്ടിരിക്കുന്ന സമയത്തായിരിന്നു ആക്രമണം. ദേവാലയത്തിൽ മുമ്പൊരിക്കലും കണ്ടിട്ടില്ലാത്ത വ്യക്തിയാണ് വെടിയുതിർത്തതെന്ന് വിശ്വാസികൾ വെളിപ്പെടുത്തിയിട്ടുണ്ട്. നല്ലരീതിയിൽ വസ്ത്രം ധരിച്ചെത്തിയ പ്രതി, പ്രഭാത പ്രാർത്ഥന പൂർത്തിയാക്കിയാക്കി സങ്കീർത്തിയിലേക്ക് പോകാൻ ഒരുങ്ങിയ വൈദികന് നേരെ നിറയൊഴിക്കുകയായിരിന്നു. ശേഷം വാഹനത്തിൽ രക്ഷപ്പെട്ടു. പോലീസ് ഉദ്യോഗസ്ഥർ കൊലപാതകവുമായി ബന്ധപ്പെട്ട അന്വേഷണങ്ങൾ തുടർന്നു വരികയാണ്. ഇക്കഴിഞ്ഞ ദിവസം ദക്ഷിണാഫ്രിക്കയിലെ പ്രിട്ടോറിയയിൽ നിന്ന് 30 കിലോമീറ്റർ കിഴക്കായി ദക്ഷിണാഫ്രിക്കയിലെ കുള്ളിനനിൽ മൂന്നു കോപ്റ്റിക് സന്യാസികൾ കൊല്ലപ്പെട്ടിരിന്നു. ഇതിന്റെ വാർത്ത പുറംലോകം അറിഞ്ഞു മണിക്കൂറുകൾ പിന്നിടും മുൻപാണ് അടുത്ത വൈദിക നരഹത്യ.

# ഫാ. സ്റ്റാൻ സ്വാമി ഉൾപ്പെടെയുള്ള വരെ കുടുക്കാൻ ശ്രമിച്ചവരിൽ പൂനെ പോലീസുമായി ബന്ധമുള്ള വാടക ഹാക്കർ സംഘവും



മുംബൈ: ഭീമ കൊറേഗാവ് കേസിൽ മനുഷ്യാവകാശ പ്രവർത്തകനായ ഫാ. സ്റ്റാൻ സ്വാമിയുൾപ്പെടെ 16 പേരെ മനഃപൂർവം കുടുക്കി തടവിലാക്കാൻ ഉപയോഗിച്ചതായി പറയപ്പെടുന്ന തെളിവുകൾ കുറ്റാരോപിതരുടെ കംപ്യൂട്ടറുകളിൽ സ്ഥാപിച്ചത് പൂനെ പോലീസുമായി ബന്ധമുള്ള വാടക ഹാക്കർ സംഘമാണെന്നു വെളിപ്പെടുത്തൽ. ലണ്ടൻ സ്കൂൾ ഓഫ് ഇക്കണോമിക്സ് ആന്ത്രോപ്പോളജി പ്രഫസറും ബ്രിട്ടീഷ് എഴുത്തുകാരിയുമായ ആൽഫാ ഷായുടെ ''ദ ഇൻകാർസെറേഷൻസ്: ഭീമ കൊറേഗാവ് ആൻഡ് ദ സേർച്ച് ഫോർ ഡെമോക്രസി ഇൻ ഇന്ത്യ'' എന്ന പുസ്തകത്തിലാണ് ഈ വെളിപ്പെടുത്തലുള്ളത്. ഇന്ത്യ ആസ്ഥാനമായി പ്രവർത്തിക്കുന്നതും ലോകമെങ്ങും വേരുകളുള്ളതുമാണ് ഈ ഹാക്കർ സംഘം. വിദൂരനിയന്ത്രിത സംവിധാനം വഴിയാണ് കുറ്റാരോപിതരുടെ കംപ്യൂട്ടറുകളിൽ വ്യാജ തെളിവുകളടങ്ങിയ രേഖകൾ ഹാക്കർ സംഘം നിക്ഷേപിച്ചത്. ഈ ഹാക്കർ സംഘവുമായി ഒരു പൂനെ പോലീസ് ഓഫീസർക്ക് അടുത്ത ബന്ധമുണ്ടെന്ന് പുസ്തകത്തിൽ പറയുന്നു. ഭീമ കൊറേഗാവ് സംഭവത്തിലെ പ്രതികളിൽ കുറഞ്ഞത് മൂന്നു പേരുടെയെങ്കിലും കംപ്യൂട്ടറുകൾ ഹാക്ക് ചെയ്യുന്നതിനും അവരെ കുടുക്കാൻ ഉപയോഗിച്ച ഇമെയിലുകളും ഫയലുകളും സൃഷ്ടിച്ചതിലും പോലീസിന്റെ പങ്കിനെക്കുറിച്ച് പുസ്തകത്തിൽ വിശദീകരിക്കുന്നുണ്ട്.

ഫാ. സ്റ്റാൻ സ്വാമി ഉപയോഗിച്ചിരുന്ന കംപ്യൂട്ടറിന്റെ ഇലക്ട്രോണിക് കോപ്പി യുഎസ് ഡിജിറ്റൽ ഫോറൻസിക് സ്ഥാപനമായ ആഴ്സണൽ നേരത്തെ വിശദമായി പരിശോധിച്ചിരുന്നു. ഇതേതുടർന്നു നടത്തിയ വിദഗ്ധ പരിശോധനയിലും അൻപതിലേറെ ഫയലുകൾ സ്റ്റാൻ സ്വാമിയുടെ ഹാർഡ് ഡിസ്കിൽ സൃഷ്ടിച്ചതെന്നു വ്യക്തമായിരിന്നു. ഏറ്റവുമവസാനമായി 2019 ജൂൺ 5നാണ് കൃത്രിമ തെളിവ് സൃഷ്ടിച്ചതെന്നും ആഴ്സണൽ കൺസൾട്ടിംഗ് നേരത്തെ ചൂണ്ടിക്കാട്ടിയിരുന്നു.

ഭീമ കൊറേഗാവ് യുദ്ധത്തിന്റെ 200ാം വാർഷികത്തോടനുബന്ധിച്ച് 2018 ജനുവരി ഒന്നിനുണ്ടായ സംഘർഷങ്ങളുമായും ഇതിനു മുന്നോടിയായി നടന്ന എൽഗാർ പരിഷത്ത് എന്ന ദളിത് സംഗമവുമായും മാവോയിസ്റ്റ് സംഘടനകളുമായും ബന്ധമുണ്ടെന്ന് ആരോപിച്ചാണ് അന്ന് 83 വയസുണ്ടായിരുന്ന ഫാ. സ്റ്റാൻ സ്വാമിയടക്കമുള്ള മനുഷ്യാവകാശ, വിദ്യാഭ്യാസ പ്രവർത്തകരായ 16 പേരെ പോലീസ് അറസ്റ്റ് ചെയ്തത്.

2020 ഒക്ടോബർ എട്ടിന് റാഞ്ചിയിലെ വസതിയിൽ നിന്നാണ് അഞ്ചു പതിറ്റാണ്ടായി ജാർഖണ്ഡിലെ ആദിവാസികളുടെ ക്ഷേമത്തിന് വേണ്ടിയും മനുഷ്യാവകാശങ്ങൾക്കു വേണ്ടിയും ശബ്ദമുയർത്തി കൊണ്ടിരിക്കുന്ന ഫാ. സ്റ്റാൻ സ്വാമിയെ അറസ്റ്റ്ചെയ്തത്. കലാപത്തിനുള്ള പ്രേരണ, മാവോയിസ്റ്റ് ബന്ധം തുടങ്ങി അടിസ്ഥാനരഹിതമായ ആരോപണങ്ങൾ അദ്ദേഹത്തിന്റെ മേൽ ചാർത്തപ്പെട്ടു. എന്നാൽ അദ്ദേഹം താമസിച്ചിരുന്ന നാംകും ബഗിച്ചയിലെ വീട്ടിലെത്തിയ പോലീസിനു പക്ഷേ, തീവ്രവാദവുമായി ബന്ധമുള്ളതോ വിലപിടിപ്പുള്ളതോ ആയി ഒന്നും കണ്ടെത്താനായില്ല.

എന്നാൽ കേവലം ആരോപണങ്ങൾ മറയാക്കി വൃദ്ധ വൈദികനെ തടവിലാക്കുകയായിരിന്നു. തടവിൽ കഴിയുന്നതിനിടെ നിരവധി തവണ മനുഷ്യാവകാശ ലംഘനത്തിന് ഇരയായ വൈദികൻ കൂടിയാണ് അദ്ദേഹം. പാർക്കിൻസൺസ് രോഗമുള്ളതിനാൽ കൈ വിറയ്ക്കുമെന്നും ജയിലിലെ ഭക്ഷണം കഴിക്കാൻ സ്ട്രോയോ സിപ്പറോ അനുവദിക്കണമെന്നും ആവശ്യപ്പെട്ട് സ്റ്റാൻ സ്വാമി പ്രത്യേക കോടതിയിൽ അപേക്ഷ നൽകിയെങ്കിലും അടിയന്തരമായ ഈ ആവശ്യം പരിഗണിക്കാത്ത കോടതി കേസ് നീട്ടിക്കൊണ്ടുപോയ മനുഷ്യത്വരഹിതമായ സമീപനമാണ് സ്വീകരിച്ചത്. ഇത് വലിയ വിവാദങ്ങൾക്ക് വഴി തെളിയിച്ചിരിന്നു.

ഇതിനിടെ വിവിധ ആരോഗ്യ പ്രശ്നങ്ങൾ നേരിട്ട അദ്ദേഹം ഏറെ ബുദ്ധിമുട്ടിയിരിന്നു. മുംബൈ തലോജ ജയിലിലായിരുന്ന അദ്ദേഹത്തെ കോടതി ഇടപെടലിനെത്തുടർന്നായിരുന്നു ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. പിന്നീട് കോവിഡ് ബാധിച്ചതിനെത്തുടർന്ന് തലോജ ജയിലിൽ നിന്ന് നവി മുംബൈയിലെ ഹോളി ഫാമിലി ആശുപത്രിയിലേക്ക് ഫാ. സ്റ്റാൻ സ്വാമിയെ മാറ്റി. 2021 ജൂലൈ 5നു മുംബൈ ഹോളി ഫാമിലി ആശുപത്രിയിലായിരിന്നു ഫാ. സ്റ്റാൻ സ്വാമിയുടെ അന്ത്യം. ഫാ. സ്റ്റാൻ സ്വാമിയുടെ കസ്റ്റഡി മരണത്തെ ബ്രിട്ടീഷ് പാർലമെന്റും, യുഎസ് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റും, യുഎന്നും അപലപിച്ചിരുന്നു.

ക്രിസ്ത്യൻ ലൈവ് DAILY
ON THE BATTLEFIELD FOR THE GREAT COMMISSION

16 MARCH 2024
VOL 03 | ISSUE 075 | 774

# സുവിശേഷങ്ങളുടെ രൂപീകരണം: ഓൺലൈൻ ക്ലാസ് നാളെ ZOOM-ൽ

പാലക്കാട് : സുവിശേഷം എങ്ങനെയാണ് രൂപീകരിക്കപ്പെട്ടത്? ഈശോ പറഞ്ഞ കാര്യങ്ങൾ നേരിട്ടു കേട്ടവർ അത് എഴുതിയിരിന്നോ? അതോ പിന്നീട് പരിശുദ്ധാത്മാവ് അവർക്ക് വെളിപ്പെടുത്തുകയായിരിന്നോ? മിശിഹായിൽ എല്ലാം പൂർത്തിയാകുകയും സുവിശേഷത്തിലൂടെ ദൈവം തന്നെ തന്നെ വെളിപ്പെടുത്തുകയും ചെയ്തതിനാൽ പഴയനിയമത്തിന് എന്തുപ്രസക്തിയാണുള്ളത്? 'തിരുസഭ ഒരുകാലത്ത് ബൈബിൾ വായിക്കുന്നത് വിലക്കിയിരിന്നു' എന്ന ആരോപണത്തിന് പിന്നിലെ സത്യാവസ്ഥയെന്ത്? തുടങ്ങി വിശുദ്ധ ഗ്രന്ഥത്തെ സംബന്ധിക്കുന്ന വിവിധങ്ങളായ ചോദ്യങ്ങൾക്കുള്ള ഉത്തരവുമായി ഓൺലൈൻ ക്ലാസ് ശനിയാഴ്ച Zoomൽ നടക്കും.

കത്തോലിക്ക സഭയിലെ പ്രമുഖ ദൈവശാസ്ത്രജ്ഞനും പാലക്കാട് രൂപതയുടെ സെൻ്റർ ഫോർ ഇൻ്റഗ്രൽ ഫോർമേഷൻ്റെ ഡയറക്ടറുമായ റവ. ഫാ. ഡോ. അരുൺ കലമറ്റത്തിലാണ് പതിവുപോലെ ക്ലാസ് നയിക്കുന്നത്. ഇന്ത്യൻ സമയം വൈകീട്ട് 6 മണിക്ക് ആരംഭിക്കുന്ന ക്ലാസിന് ഒരു മണിക്കൂർ ദൈർഖ്യമാണുള്ളത്. ഇതിന് ശേഷം സമാപനത്തിൽ സംശയ നിവാരണത്തിനും പ്രത്യേക അവസരമുണ്ട്. ക്ലാസിനു ഒരുക്കമായി ഇന്ത്യൻ സമയം വൈകീട്ട് 5.25നു 'കുരിശിൻ്റെ വഴി' ആരംഭിക്കും. വിവിധ രാജ്യങ്ങളിൽ നിന്ന് വൈദികരും സമർപ്പിതരും അൽമായരും അടക്കം നിരവധി പേരാണ് മാസത്തിൽ രണ്ടു തവണ ക്രമീകരിച്ചിരിക്കുന്ന ഈ ഓൺലൈൻ ക്ലാസിൽ സജീവമായി പങ്കെടുത്തു കൊണ്ടിരിക്കുന്നത്. വിശ്വാസ ജീവിതത്തിൽ ആഴപ്പെടുവാൻ ഒത്തിരി സഹായകരമായ ഈ ക്ലാസിലേക്ക് ഏവരെയും യേശു നാമത്തിൽ സ്വാഗതം ചെയ്യുന്നു.

☞ Zoom Link
☞ **Meeting ID: 864 173 0546**
☞ **Passcode: 3040**

## നിത്യതയിൽ



കോട്ടയം: കൊല്ലാട് ഐപിസി എബനേസർ സഭാംഗം മധുരംചേരിൽ കളങ്കുന്നേൽ **മോൻസി തോമസ് (64)** കർതൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാര ശുശ്രൂഷ മാർച്ച് 18 ന് തിങ്കൾ രാവിലെ 8:30ന് സഭാ ഹാളിൽ ആരംഭിക്കും. സംസ്കാരം 11:30ന് സഭാ സെമിത്തേരിയിൽ.
ഭാര്യ : സൂസൻ.
മക്കൾ : സിനു (യുകെ) സിമി (ബാംഗ്ലൂർ) സാമുവൽ (ബാംഗ്ലൂർ)
മരുമക്കൾ : ഷാൻ എബ്രഹാം(യുകെ) സാം ഫിലിപ്പ് (ബാംഗ്ലൂർ).
കൊച്ചുമക്കൾ : ജോനാൻ ,ഡാനിയേൽ , റിബേക്ക.




74



തയ്യാറാക്കിയത്:
സിസ്റ്റർ ബെറ്റ്സി ബിനു

## ഇന്നത്തെ ചോദ്യങ്ങൾ

**വായന ഭാഗം: യാക്കോബ് 1 - 2**

1. നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന എന്ത് ഉളവാക്കുന്നു?
2. ഇരുമനസ്സുള്ള മനുഷ്യൻ തന്റെ വഴികളിൽ ഒക്കെയും എന്ത് ആകുന്നു?
3. ലംഘനക്കാർ എന്നു ന്യായപ്രമാണത്താൽ തെളിയുന്നുത് എന്ത്?
4. എന്ത് ന്യായവിധിയെ ജയിച്ചു പ്രശംസിക്കുന്നു?
5. എന്ത് ഇല്ലാത്ത വിശ്വാസവും നിർജ്ജീവമാകുന്നു?

### ഇന്നലത്തെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

(എബ്രാ 12 -13)

1. താൻ സ്നേഹിക്കുന്നവനെ (എബ്രാ 12:6)
2. ശുദ്ധീകരണം (എബ്രാ 12:14)
3. യേശു (എബ്രാ 12:24)
4. ദ്രവ്യാഗ്രഹമില്ലാത്തതായിരിക്കട്ടെ (എബ്രാ 13:5)
5. കൃപയാൽ (എബ്രാ 13:9)







CHRISTIAN LIVE DAILY
16 MARCH 2024
VOL 03
ISSUE 075 | 774
ON THE BATTLEFIELD FOR THE GREAT COMMISSION
www.christianlive.in
cnl7news@gmail.com
+91 98465 52220




PUBLISHED BY ON BEHALF OF CHRISTIANLIVE MEDIA INTERNATIONAL PVT. LTD., MOB : +91 98465 52220